iii ഇലക്ട്രോണിക്സിൽ സ്പെഷ്യലൈസേഷനോടു കൂടിയ ഫിസിക്സിലുള്ള ഡിഗ്രി അല്ലെങ്കിൽ

iv ഏതെങ്കിലും യൂണിവേഴ്സിറ്റി ഡിഗ്രിയും കോമേഴ്സിലോ കോ-ഓപ്പറേഷനിലോ ഉള്ള അംഗീകൃത ഡിപ്ലോമ ഡിഗ്രി ഉള്ളവർക്ക് 8 വർഷത്തെ മൊത്തം പരിചയവും ഡിപ്ലോമ ഉള്ളവർക്ക് 15 വർഷത്തെ മൊത്തം പരിചയവും അതിൽ 5 വർഷം ടീച്ചിംഗിൽ ഉള്ള പരിചയവും. ലോകബാങ്ക് പദ്ധതിയുടെ കീഴിൽ തുടങ്ങിയ റസിഡൻഷ്യൽ വനിതാ പോളിടെക്നിക്കിൽ എ.ഐ.സി.റ്റി.ഇ.യുടെ നിർദ്ദേശം അനുസരിച്ചുള്ള യോഗ്യതകൾ വേണമെന്നുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമാനയോഗ്യത വരുന്ന ജനറൽ പോളിടെക്നിക്കിലെ യോഗ്യതകളാണ് ഇവിടുത്തെ പ്രിൻസിപ്പൾ നിയമനത്തിന് കണക്കാക്കുന്നത്.

(ബി) ഈ വ്യവസ്ഥകളെ ലംഘിച്ചുകൊണ്ട് ഇപ്പോൾ ആർക്കും നിയമനം നൽകിയിട്ടില്ല.

(സി) സീനിയോറിറ്റി മറി കടന്നുകൊണ്ട് നിയമിച്ചിട്ടില്ല.

കായംകുളം വനിതാ പോളിടെക്നിക്കിന്റെ പണി

82 (2062) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം വനിതാ പോളിടെക്നിക്കിന്റെ കെട്ടിടം പണിക്കുള്ള കരാർ നല്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) മാർച്ച് 31-നു മുമ്പ് ഇതിന്റെ കരാർ ഉറപ്പിച്ചു നല്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിനായി ഇപ്പോൾ ബഡ്ജറ്റിലുള്ള പണം ലാപ്സാകാൻ സാദ്ധ്യതയുണ്ടോ ;

(ഇ) ഇതിനായി ഭൂമി അക്വയർ ചെയ്തവകയിൽ ആകെ നല്കിയ വില എത്രയാണ് ; ഒരു സെന്റിന് നല്കിയ വില എത്രയെന്ന് വെളിപ്പെടുത്താമോ ;

(എഫ്) കായംകുളത്തുള്ള ഈ വനിതാപോളിടെക്നിക് സൈറ്റിന് സമീപം ഈ അക്വയറിംഗിന് തൊട്ടു മുമ്പും അതിനുശേഷവും ഭൂമി വിറ്റപ്പോൾ ഒരു സെന്റിന് നല്കിയിട്ടുള്ള വില എത്രയെന്ന് അന്വേഷിച്ചറിയിക്കുമോ ;

(ജി) വനിതാ പോളിടെക്നിക്കിന് തയ്യാറാക്കിയിട്ടുള്ള കെട്ടിടത്തിന്റെ എസ്റ്റിമേറ്റിൽ എത്ര നിലയാണുള്ളത് ; ആകെ എത്ര മുറികളുണ്ടാകും ; ഹോസ്റ്റലുകൾ ഉണ്ടോ ; കളിസ്ഥലങ്ങൾ ഉണ്ടോ ; തയ്യാറാക്കിയിട്ടുള്ള കെട്ടിട സംവിധാനത്തിന്റെ സ്ഥലസൗകര്യം ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കായംകുളം മോഡലിൽ നിർമ്മിച്ച പോളിടെക്നിക്കുൾ കേരളത്തിൽ ഏതെല്ലാമാണുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വിശദമായ എസ്റ്റിമേറ്റ് സാങ്കേതിക അനുമതി നല്കുന്നതിലേക്കായി പരിശോധനയിലാണ്.

(സി) പ്രീക്വാളിഫിക്കേഷൻ ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ഡി) ഈ പ്രോജക്ടിനായി ഈ വർഷത്തെ ബഡ്ജറ്റിൽ നിന്നും നാളിതുവരെ 94.35 ലക്ഷം രൂപ ചെലവായി. ബാക്കി തുക ലാപ്സാകാൻ സാദ്ധ്യതയുണ്ട്.

(ഇ) കായംകുളം വനിതാ പോളിടെക്നിക്കിന് സ്ഥലം അക്വയർ ചെയ്ത വകയിൽ 2,45,20,482 രൂപ (രണ്ടു കോടി നാല്പത്തിയഞ്ചു ലക്ഷത്തി ഇരുപതിനായിരത്തി നാന്നൂറ്റി എൺപത്തി രണ്ട് രൂപ) ചെലവായിട്ടുണ്ട്. ഒരു സെന്റിന് 35,014 രൂപ.

(എഫ്) ഇക്കാര്യം അന്വേഷിച്ച് അറിയിക്കുന്നതാണ്.

(ജി) മൂന്നു നില കെട്ടിടത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഗ്രൗണ്ട് ഫ്ളോറിൽ 18 മുറികളും 7 വാട്ടർ ക്ലോസറ്റുകളും ഫസ്റ്റ് ഫ്ളോറിൽ 16 മുറികളും 4 വാട്ടർ ക്ളോസറ്റുകളും 2 ടോയ്ലെറ്റുകളും സെക്കന്റ് ഫ്ളോറിൽ 12 മുറികളും 7 വാട്ടർ ക്ളോസറ്റുകളും എസ്റ്റിമേറ്റിൽ ഉണ്ട്. ഹോസ്റ്റൽ ഇല്ല. മൂന്ന് നിലകളുടേയും കൂടി പ്ലിന്ത് ഏരിയാ 4575.36 ച.മി. പോർച്ച് 44.58 ച.മീറ്റർ ആകെ വിസ്തീർണ്ണം ഏകദേശം 20.234 ചമീറ്റർ കളിസ്ഥലത്ത് ഭൂമി ലഭ്യമാണെങ്കിലും എസ്റ്റിമേറ്റിൽ ഇത് വകകൊള്ളിച്ചിട്ടില്ല.

(എച്ച്) കളമശ്ശേരി പോളിടെക്നിക്കിന്റെ മാതൃകയിലാണ് കായംകുളം വനിതാ പോളിടെക്നിക് വിഭാവന ചെയ്തിട്ടുള്ളത്.

കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് ആന്റ് ബിസിനസ് മാനേജ്മെന്റ് കോഴ്സിനെ സംബന്ധിച്ച്

83 (2063) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിലെ കംപ്യൂട്ടർ ആപ്ലിക്കേഷൻസ് ആന്റ് ബിസിനസ് മാനേജ്മെന്റ് കോഴ്സിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly